കൂടാതെ പ്രത്യേക ഘടക പദ്ധതി വിഹിതം പട്ടികവർഗ്ഗക്കാർക്ക് പ്രയോജന പ്പെടുന്ന പരിപാടികൾക്കുപോലും വകമാറ്റി ചെലവഴിക്കുവാൻ പാടില്ലാത്തതുമാണ്.

പട്ടികജാതി വിഭാഗങ്ങൾക്ക് പ്രയോജനകരമല്ലാത്ത പ്രോജക്ടുകൾ പ്രത്യേക ഘടക പദ്ധതി പ്രകാരം ഏറ്റെടുക്കാൻ പാടില്ലാത്തതുമാണ്. മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി പട്ടികജാതി വിഭാഗങ്ങൾക്ക് പ്രയോജനമുണ്ടാകാത്ത പ്രോജക്ടുകൾ നടപ്പിലാക്കുന്നുവെന്ന് കണ്ടെത്തിയാൽ ആ പ്രോജക്ടിന് സാക്ഷ്യപത്രം നല്കിയ ഉദ്യോഗസ്ഥന്റെയോ ഗ്രൂപ്പിന്റെയോമേൽ ധനദുർവിനിയോഗം ചെയ്തതിന് നടപടി എടുക്കുകയും ചെലവായ തുക തിരികെ വസൂലാക്കുകയും ചെയ്യുന്നതാണ് എന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്.

മഴവെള്ള സംഭരണത്തിനുള്ള സംവിധാനം

*23 [53] ശ്രീ. വർക്കല കഹാർ :

,, ബി. വിജയകുമാർ :

,, കെ. സി. വേണുഗോപാൽ :

,, ഇ. എം. അഗസ്തി :

,, എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി പണിയുന്ന വീടുകൾക്ക് മഴവെള്ള സംഭരണത്തിനുള്ള സംവിധാനമുണ്ടായിരിക്കണമെന്നത് നിർബന്ധിതമാക്കാനുദ്ദേശമുണ്ടോ;

(ബി) അതിനുവേണ്ടി എന്തെല്ലാം പ്രോത്സാഹനം നൽകാനുദ്ദേശിക്കുന്നു;

(സി) രണ്ടും മൂന്നും സെന്റ് മാത്രം സ്ഥലമുള്ളവർ വീടു നിർമ്മിക്കുന്നതിനെ ഇത് എപ്രകാരം ബാധിക്കുമെന്ന് പറയുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) 2004 ജനുവരി 12-ാം തീയതിയിലെ സർക്കാർ ഉത്തരവ് (എം. എസ്.) നം.19/2004/തസ്വഭവ പ്രകാരം പുതുതായി പണിയുന്ന വീടുകൾക്ക് മഴവെള്ള സംഭരണ ത്തിനുള്ള സംവിധാനമുണ്ടായിരിക്കണമെന്ന് നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) ഇത്തരം സംവിധാനം ഏർപ്പെടുത്തുന്ന കെട്ടിടങ്ങൾക്ക് വസ്തു നികുതിയിൽ ഇളവു നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) 200 ചതുരശ്ര മീറ്ററിൽ താഴെ സ്ഥലത്തിന്റെ വിസ്തീർണ്ണവും 100 ചതുരശ്ര മീറ്ററിൽ താഴെ തറയുടെ വിസ്തീർണ്ണവും ഉള്ളതായ വീടുകളെ ഈ നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly